# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 851 — 09/8/2017 -ലെ മറുപടി

## ജലനിധി പദ്ധതി

### ചോദ്യം

ശ്രീ. എൻ.എ.നെല്ലിക്കുന്ന്

(എ) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് ലോകബാങ്കിൽ നിന്ന് പുതുതായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഫണ്ട് ലഭ്യമാക്കാൻ സാധ്യതയുണ്ടോ;

(സി) ഏതെല്ലാം പഞ്ചായത്തുകളെയാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശം എന്ന നിലയിലും പിന്നോക്ക മേഖല എന്ന നിലയിലും കാസർഗോഡ് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) കാസർഗോഡ് ജില്ലയിൽ മുമ്പ് ജലനിധി പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ), (ബി), (സി) & (ഡി) ജലനിധി രണ്ടാംഘട്ട പദ്ധതിയ്ക്കായി ലോകബാങ്കിൽ നിന്നും അധികഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അധിക ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ കൂടുതൽ പഞ്ചായത്തുകളെ തിരഞ്ഞെടുക്കുകയുള്ളൂ.

(ഇ) കാസർഗോഡ് ജില്ലയിൽ ജലനിധി ഒന്നാം ഘട്ടത്തിൽ കോടംബെള്ളൂർ, കാറഡുക്ക എന്നീ രണ്ടു പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബെള്ളൂർ, ദേലംപാടി, പുല്ലൂർപെരിയ, പടന്ന, പുത്തിഗെ, ബലാൽ, കിനാനൂർ കരിന്തളം, ഈസ്റ്റ് എളേരി, മീഞ്ച, പൈവളികെ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ

JSK/